**കാലിക്കറ്റ് സർവകലാശാല**

നമ്പർ. 94402/DOA-ASST-1/2023/Admn (I)

തീയതി: 03.07.2023

**<u>സർക്കുലർ</u>**

വിഷയം: 2023-24 അധ്യായന വർഷത്തെ ബിരുദ കോഴ്സുകളുടെ രണ്ടാമത്തെ അലോട്ട്മെന്റ് - പ്രസിദ്ധീകരിച്ചതുമായി ബന്ധപ്പെട്ട്.

**<u>യു ജി ക്യാപ്പ് -2023/സർക്കുലർ - 5</u>**

1. 2023-2024 അധ്യയന വർഷത്തേക്കുള്ള ബിരുദ പ്രവേശനത്തോടനുബന്ധിച്ചുള്ള **രണ്ടാമത്തെ അലോട്ട്മെന്റ് 03.07.2023** മുതൽ കോളേജ്/നോഡൽ ലോഗിനിൽ ലഭ്യമാണ്.

2. രണ്ടാം അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർഥികൾ ബന്ധപ്പെടുന്ന പക്ഷം <u>07.07.2023, 3.00 PM-നുള്ളിൽ മാൻഡേറ്ററി ഫീ അടച്ച്</u> കോളേജിൽ ഹാജരായി അഡ്മിഷനെടുക്കാൻ നിർദ്ദേശിക്കേണ്ടതാണ്. മാന്റേറ്ററി ഫീസുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾക്ക് 24.06.2023ലെ യു.ജി ക്യാപ് സർക്കുലർ-3 ലെ നിർദേശങ്ങൾ ശ്രദ്ധിക്കുക. ഒന്നാം അലോട്ട്മെന്റ് ലഭിച്ച് മന്റേറ്ററി ഫീസ് അടച്ച് രണ്ടാം അല്ലോട് മെന്റിൽ അലോട്ട്മെന്റ് മാറ്റമില്ലാതെ തുടരുന്ന വിദ്യാർഥികളോടും 07.07.2023, 3.00 PM-നുള്ളിൽ കോളേജിൽ ഹാജരായി അഡ്മിഷനെടുക്കാൻ നിർദ്ദേശിക്കേണ്ടതാണ്.

3. <u>ഒന്നാം ഓപ്ഷനിൽ അലോട്ട്മെന്റ് ലഭിച്ച്</u> മാന്റേറ്ററി ഫീസ് അടച്ച് കോളേജിൽ റിപ്പോർട്ട് ചെയ്യുന്ന എല്ലാ വിദ്യാർത്ഥികൾക്കും <u>നിർബന്ധമായും സ്ഥിരം അഡ്മിഷൻ</u> നൽകേണ്ടതാണ്. അലോട്ട്മെന്റ് ലഭിച്ച മാൻഡേറ്ററി ഫീസ് അടച്ച് ഹയർ ഓപ് ഷൻ നിലനിർത്തിയിരിക്കുന്ന വിദ്യാർഥികൾ കോളേജിൽ റിപ്പോർട്ട് ചെയ്യുന്ന പക്ഷം പ്രസ്തുത വിദ്യാർത്ഥികൾക്ക് നിർബന്ധമായും താത് കാലിക അഡ്മിഷൻ നൽകേണ്ടതാണ്. അഡ്മിഷനുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾക്ക് 01.07.2023ലെ യു.ജി ക്യാപ് സർക്കുലർ-4 ലെ നിർദേശങ്ങൾ ശ്രദ്ധിക്കുക.

**4. ഒന്ന്, രണ്ട് അല്ലോട് മെന്റുകൾക്ക് ശേഷം അലോട്ട്മെന്റ് ലഭിച്ച എല്ലാ വിദ്യാർത്ഥികളും കോളേജിൽ ഹാജരായി സ്ഥിരം/ താൽക്കാലിക അഡ്മിഷൻ നേടേണ്ടതാണ്. <u>അല്ലാത്ത പക്ഷം പ്രസ്തുത വിദ്യാർത്ഥികൾക്ക് മുമ്പ് ലഭിച്ചിരുന്ന അലോട്ട്മെന്റ് നഷ്ടപ്പെടുന്നതും അലോട്ട്മെന്റ് പ്രക്രിയയിൽ നിന്ന് പുറത്താകുന്നതുമായിരിക്കും.</u>**

5. ലഭിച്ച ഓപ് ഷനിൽ തൃപ്തരായ വിദ്യാർത്ഥികൾ, തങ്ങളെ ഹയർ ഓപ് ഷനുകൾക്ക് പരിഗണിക്കേണ്ടതില്ലെങ്കിൽ 03.07.2023 മുതൽ 06.07.2023ന് 05.00 PM വരെ ഹയർ ഓപ്ഷനുകൾ റദ്ദ് ചെയ്യാനുള്ള സൗകര്യം ഉപയോഗിച്ച് മറ്റ് ഓപ്ഷനുകൾ റദ്ദ് ചെയ്യേണ്ടതാണ്. ഹയർ ഓപ് ഷനുകൾ ഭാഗികമായോ പൂർണമായോ റദ്ദ് ചെയ്യാവുന്നതാണ്.

6. ഹയർ ഓപ് ഷനുകൾ നിലനിർത്തുന്ന പക്ഷം പ്രസ്തുത ഹയർ ഓപ് ഷനുകളിൽ ഏതെങ്കിലും ഒന്നിലേക്ക് തുടർന്ന് അലോട്ട്മെന്റ് ലഭിച്ചാൽ ആയത് നിർബന്ധമായും സ്വീകരിക്കേണ്ടതാണ്. ഇതോടെ മുമ്പ് ലഭിച്ചിരുന്ന

അലോട്ട്മെന്റ് നഷ്ടപ്പെടുന്നതും അത് യാതൊരു കാരണവശാലും പുനഃസ്ഥാപിച്ചു നൽകുന്നതുമല്ല. വിദ്യാർഥികൾ അവരവരുടെ Student Login- വഴിയാണ് ഹയർ ഓപ്ഷനുകൾ റദ്ദ് ചെയ്യേണ്ടത്. പുതുക്കിയ അപേക്ഷയുടെ പ്രിന്റൗട്ട് എല്ലാ വിദ്യാർത്ഥികളോടും നിർബന്ധമായി ഡൗൺലോഡ് ചെയ്ത് സൂക്ഷിക്കാൻ നിർദേശിക്കേണ്ടതാണ്. കോളേജ്, കോഴ്സ് പുനഃക്രമീകരിക്കാവുന്നതിനോ, പുതിയ കോളേജോ, കോഴ്സുകളോ, കൂട്ടിചേർക്കുന്നതിനോ ഈ അവസരത്തിൽ സാധിക്കുന്നതല്ല.

7. **അഡ്മിഷൻ വിവരം വെബ് സൈറ്റിൽ അപ്‌ലോഡ് ചെയ്യുക**

അഡ്മിഷൻ നടത്തുന്ന ദിവസം തന്നെ വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ അപ്‌ലോഡ് ചെയ്യേണ്ടതാണ്. ഇതിനായി കോളേജ് ലോഗിനിൽ നൽകിയിട്ടുള്ള അലോട്ട്മെന്റ് എന്ന ലിങ്ക് ക്ലിക്ക് ചെയ്യുക. പ്രോഗ്രാം തെരഞ്ഞെടുക്കുക. അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികളുടെ ലിസ്റ്റ് സ്ക്രീനിൽ ലഭ്യമാവും. പ്രസ്തുത സ്ക്രീനിൽ നിന്നും റിപ്പോർട്ട് ചെയ്ത വിദ്യാർത്ഥികളെ തെരെഞ്ഞെടുത്ത് അഡ്മിറ്റ് ചെയ്യേണ്ടതാണ്. അലോട്ട്മെന്റ് ലഭിച്ച് പ്രവേശനം നേടുന്നതിനായി റിപ്പോർട്ട് ചെയ്ത മുഴുവൻ വിദ്യാർത്ഥികളുടെയും **അഡ്മിഷൻ വിവരം 07.07.2023 5.00 PM നുള്ളിൽ കോളേജ് ലോഗിനിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്.**

8 . **അപ്‌ലോഡ് ചെയ്യുന്ന അഡ്മിഷന്റെ എണ്ണം (സ്ഥിരം അഡ്മിഷൻ + താൽക്കാലിക അഡ്മിഷൻ ) ഓരോ കാറ്റഗറിയിലുമുള്ള സീറ്റുകളിൽ നിന്നും കുറച്ച് ലഭിക്കുന്ന വേക്കൻസികളിലേക്കാണ് മൂന്നാമത്തെ അലോട്ട്മെന്റ് നടത്തുക. ആയതിനാൽ അലോട്ട്മെന്റ് ലഭിച്ച് അഡ്മിഷനായി കോളേജിൽ റിപ്പോർട്ട് ചെയ്യുന്ന എല്ലാ വിദ്യാർത്ഥികളുടെയും അഡ്മിഷൻ വിവരം കർശനമായും അപ്‌ലോഡ് ചെയ്യേണ്ടതാണ്. അല്ലാത്ത പക്ഷം വിദ്യാർത്ഥികൾക്ക് മുമ്പ് ലഭിച്ചിരുന്ന അലോട്ട്മെന്റ് നഷ്ടപ്പെടുന്നതും അത് യാതൊരു കാരണവശാലും പുനഃസ്ഥാപിച്ചു നൽകുന്നതുമല്ല. ആയതിനാൽ വിദ്യാർത്ഥികളുടെ അഡ്മിഷൻ വിവരം അപ്‌ലോഡ് ചെയ്യുന്നതിന് വീഴ്ച വരുത്തുന്ന കോളേജുകൾ, വിദ്യാർത്ഥികളുടെ നഷ്ടത്തിനു ഉത്തരവാദികളായിരിക്കുന്നതാണ്.**

9. **ഇൻഡക്സിംഗ്:**

ഓരോ വിദ്യാർത്ഥിയും രജിസ്ട്രേഷൻ സമയത്ത് സമർപ്പിക്കുന്ന മാർക്ക്, വെയിറ്റേജ് ബോണസ് മാർക്ക് എന്നിവയുടെ അടിസ്ഥാനത്തിലാണ് അപേക്ഷിക്കുന്ന വിഷയങ്ങൾക്ക് ഇൻഡക്സ് ചെയ്യുന്നത്. ഇത്തരത്തിൽ എന്റർ ചെയ്തിട്ടുള്ള മാർക്കുകളിൽ എന്തെങ്കിലും ആക്ഷേപം ഉന്നയിക്കുന്ന അവസരത്തിൽ മാത്രമേ യൂണിവേഴ്സിറ്റി പരിശോധിക്കാറുള്ളൂ. ആയതിനാൽ **ഇൻഡക്സ് മാർക്ക് അഡ്മിഷൻ സമയത്ത് കോളേജുകൾ കൃത്യമായി പരിശോധിക്കേണ്ടതാണ്.** ഇംപ്രൂവ്മെന്റ്/ റീവാല്യേഷൻ മാർക്കുകൾ രേഖപ്പെടുത്താനും അർഹമായ അധിക വെയിറ്റേജുകൾ രേഖപ്പെടുത്താനും ബിരുദ പ്രവേശന ഷെഡ്യൂൾ പ്രകാരമുള്ള എഡിറ്റിങ് സൗകര്യം ഉപയോഗിക്കാൻ വിദ്യാർത്ഥികളോട് നിർദേശിക്കേണ്ടതാണ്.

10. അനർഹമായ മാർക്ക് / വെയിറ്റേജ് ഇൻഡക്സ് രേഖപ്പെടുത്തിയത് കാരണം ഇൻഡക്സ് മാർക്കിൽ തെറ്റുണ്ടെങ്കിൽ തെറ്റുതിരുത്തി വീണ്ടും കണക്കു കൂട്ടിയതിനുശേഷം,

**(എ)** പ്രസ്തുത വിദ്യാർത്ഥി അലോട്ട്മെന്റ് ലിസ്റ്റിൽ നിന്നും പുറത്തുപോകാൻ സാധ്യതയില്ലെങ്കിൽ വിദ്യാർത്ഥിയെ അഡ്മിറ്റ് ചെയ്തതിനുശേഷം ഓൺലൈൻ അപേക്ഷയിൽ തെറ്റുതിരുത്താനായി വിദ്യാർത്ഥികളുടെ വിവരങ്ങൾ താഴെ പറയുന്ന **എക്സൽ ഫോർമാറ്റിൽ** capnodal@uoc.ac.in എന്ന ഇമെയിൽ ഐഡിയിലേക്ക് 07.07.2023 ന് വൈകുന്നേരം 5.00 മണിക്കുള്ളിൽ അയക്കേണ്ടതാണ്. തിരുത്തൽ വരുത്താത്ത പക്ഷം പ്രസ്തുത വിദ്യാർത്ഥികൾക്ക് ഹയർ ഓപ്ഷനിലേക്ക് അടുത്ത അലോട്ട്മെന്റ് ലഭിക്കുകയാണെങ്കിൽ പ്രവേശന പ്രക്രിയയിൽ നിന്ന് പുറത്തു പോവുന്നതിനുള്ള സാഹചര്യം നില നിൽക്കുന്നതിനാൽ മേൽ നിർദേശം കൃത്യമായി പാലിക്കുക.

| College Name: Details of wrong index in Admitted Students | | | | | | | |
|---|---|---|---|---|---|---|---|
| Sl no | CAP ID | Name | Programme | Admission type (Permanent/ Temporary) | Index in printout | Actual index | Remarks(ie, wrong weightages like NCC,NSS or wrong mark etc) |
| | | | | | | | |

ഉദാ: ഓപ്പൺ മെറിറ്റിൽ അലോട്ട്മെന്റ് ലഭിച്ച ഒരു വിദ്യാർത്ഥിക്ക് ഇൻഡക്സ് മാർക്ക് തെറ്റ് തിരുത്തിയ ശേഷം, ഓപ്പൺ മെറിറ്റ് അല്ലോട് മെന്റിലെ അവസാനത്തെ വിദ്യാർത്ഥിയെക്കാൾ ഇൻഡക്സ് മാർക്കുണ്ടെങ്കിൽ പ്രവേശനം നൽകാം.

(ബി) ഇൻഡക്സ് മാർക്ക്, അലോട്ട്മെന്റ് ലഭിച്ച കാറ്റഗറിയിലെ അവസാനത്തെ വിദ്യാർത്ഥിയെക്കാൾ തുല്യമാണെങ്കിലും കുറവാണെങ്കിലും പ്രസ്തുത വിദ്യാർത്ഥിക്ക് അഡ്മിഷൻ നിഷേധിക്കേണ്ടതാണ്. തുടർന്ന് തെറ്റുതിരുത്താനായി വിദ്യാർത്ഥികളോട് ബിരുദ പ്രവേശന ഷെഡ്യൂൾ പ്രകാരമുള്ള എഡിറ്റിങ് സൗകര്യം ഉപയോഗിക്കാൻ നിർദേശിക്കേണ്ടതാണ്. പ്രസ്തുത വിദ്യാർഥികൾ മൂന്നാം അല്ലോട് മെന്റിൽ ഉൾപ്പെടുന്നതായിരിക്കില്ല.

Arsad M
ഡപ്യൂട്ടി രജിസ്ട്രാർ

സ്വീകർത്താവ്

:- 1. എല്ലാ അഫിലിയേറ്റഡ് കോളേജുകളിലെയും പ്രിൻസിപ്പാൾമാർ / സർവകലാശാലാ പഠനവകുപ്പ് / സെന്ററുകൾ
2. എല്ലാ അഫിലിയേറ്റഡ് കോളേജുകളിലെയും ബിരുദ പ്രവേശനവുമായി ബന്ധപ്പെട്ട് നിയോഗിക്കപ്പെട്ട നോഡൽ ഓഫീസർമാർ